# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

Email:dompm.ksad@kerala.gov.in.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ .എം.പി.എം.4/16/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി: 06-02-2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മിഷണർ (ജനറൽ )/(പെർഫോമൻസ് ഓഡിറ്റ് )

3)കാര്യാലയ പകർപ്പ്

എം.എ.2/2020

കെ.എസ്.എ.എം.പി.എം.4/16/2020

തിയ്യതി:06-02-2020

**മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24.11.2018 മുതൽ 30.11.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.12 അന്വേഷണക്കുറിപ്പുകൾ നൽകിയതിന് മറുപടിയൊന്നും ലഭിച്ചില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എ.എസ് ഷാജഹാൻ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-12-2019 മുതൽ 30-12-2019 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.അബ്ദുൽ സത്താർ സി.പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.ജി. വേലായുധൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.അമീൻ ഫൈസൽ ടി.ടി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. പി.പി സുഗതൻ | 01-04-2018 മുതൽ 31-3-2019 വരെ |
| സെക്രട്ടറി | ശ്രീ. ജേക്കബ് സക്കറിയ | 01-04-2018 മുതൽ 13-05-2018 വരെ |
| | ശ്രീ. രാജീവൻ | 14.05-2018 മുതൽ 31-3-2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി. മിനി ചിത്രംപള്ളി | 01-04-2018 മുതൽ 31-03-2019 വരെ |
| കൃഷി അസി. ഡയറക്ടർ | ശ്രീമതി. ശ്രീലത ബി | 01-04-2018 മുതൽ 02.05.2018 വരെ |
| | ശ്രീ. ബെന്നി സബാസ്റ്റ്യൻ (ചാർജ്) | 03-05-2018 മുതൽ 31.07.2018 വരെ |
| | ശ്രീമതി. എമി പോൾ | 01.08.2018 മുതൽ 31-03-2019 വരെ |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. മുരളി കൃഷ്ണൻ സി.ആർ | 01-04-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. മിറാഷ്.എ | 01-04-2018 മുതൽ 21-06-2018 വരെ |
| | ശ്രീമതി. ഡെയിസി എം.പി | 22-06-2018മുതൽ 05-10-2018 വരെ |
| | ശ്രീ. അലി ഫൈസൽ | 06-10-2018മുതൽ 31-03-2019 വരെ |
| സി.ഡി.പി.ഒ | ശ്രീമതി. ഹഫ്സത്ത് പി | 01.04-2018മുതൽ 07.08.2018 വരെ |
| | ശ്രീമതി. ജയഗീത കെ (ICDS സൂപർവൈസർ) | 08-08-2018മുതൽ 07-09-2018 വരെ |
| | ശ്രീമതി. ഹേമ പി | 08-09-2018മുതൽ 14-12-2018 വരെ |
| | ശ്രീമതി. ജയഗീത കെ (ICDS സൂപർവൈസർ) | 15-12-2018മുതൽ 31-03-2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ശശികല.ബി | 01.04-2018മുതൽ 17.09.2018 വരെ |
| | ശ്രീ. ഹംസ.പി.പി. | 08.09-2018മുതൽ 16.10.2018 വരെ |
| | ശ്രീമതി സജിത ടി.വി. | 17.10-2018മുതൽ 21.11.2018 വരെയും 31-01-2019 മുതൽ 13-02-2019 വരെയും |
| | ശ്രീ.അക്ബർ ഷാ | 22.11-2018മുതൽ 23.11.2018 വരെ |
| | ശ്രീമതി സജിനി .ഒ. | 28.11-2018മുതൽ 30.01.2019 വരെ |
| | ശ്രീ.അബ്ദുൾ മജീദ്.വി. | 14.02-2019മുതൽ 31.03.2019 വരെ |
| | | |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. അജീഷ് പ്രഭ | 01-04-2018 മുതൽ 31-03-2019 വരെ |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. വിനോദ് പി സി | 01-04-2018 മുതൽ 31-03-2019 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗംI- ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | അക്കൗണ്ടിംഗ് - ക്രമ പ്രകാരമല്ല. | 1-12 |
| 13 | മരുന്നുകൾ/ ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-13 |
| 14 | സെക്രട്ടറിയുടെ വൗച്ചർ- അപാകതകൾ | 1-14 |
| 15 | ഗുണഭോക്തൃ വിഹിതം തിരിച്ചു നൽകിയതിലെ അപാകത | 1-15 |
| 16 | ക്ഷീര വികസന ഓഫീസർ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-16 |
| 17 | പഠന മുറി നിർമാണം- പഠന സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. | 1-17 |
| 18 | കൃഷി അസിസ്റ്റന്റ് ഡയരക്ടർ- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-18 |
| 19 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ-പദ്ധതി രേഖകൾ- അപാകതകൾ | 1-19 |
| 20 | സെന്ററിംഗ്-ഷട്ടറിംഗ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി | 1-20 |
| 21 | സെൻററിംഗ് ഷട്ടറിംഗ് അധിക നിരക്ക് അനുവദിച്ചു | 1-21 |
| 22 | എസ്റ്റിമേറ്റിനും അളവു പുസ്തകത്തിനും വിരുദ്ധമായി കനം കുറഞ്ഞ ഷീറ്റ് മേഞ്ഞു. | 1-22 |
| 23 | ഇ-ടെണ്ടർ ഫോറം വില ലഭ്യമായില്ല. | 1-23 |
| 24 | പൊതു മരാമത്ത് പ്രവൃത്തികൾ; പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും സംഭവിച്ചിട്ടുള്ള അപാകതകൾ | 1-24 |
| | II ഭാഗം വരവ്- വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ -ഇല്ല. | |
| | III ഭാഗം ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് | |

| | | |
|---|---|---|
| | നിരീക്ഷണങ്ങൾ | |
| 25 | സെന്ററിംഗ്-ഷട്ടറിംഗ് തുക അധികം അനുവദിച്ചു. | 3-1 |
| 26 | സെൻററിംഗ് ഷട്ടറിംഗ് അധിക നിരക്ക് അനുവദിച്ചു | 3-2 |
| IVഭാഗം പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 27 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 28 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 29 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 31 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 32 | സ്ഥിര നിക്ഷേപം | 4-6 |
| 33 | ഓഡിറ്റ് റിക്കവറി | 4-7 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 35 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 38 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം1 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബഡ്ജറ്റ്

| 2018-19 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/തിയതി | പുതുക്കിയ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/തിയതി |
|---|---|
| 01/13.02.2018 | 13.02.2019 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 25.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 22135664 |
| വരവ് | 76976311 |
| ആകെ | 99111975 |
| ചെലവ് | 80680191 |
| നീക്കിയിരുപ്പ് | 18431784 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 60349000 | 60349000 | 39915274 | 20433726 | 66 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 0 | 10215000 | 10215000 | 8293989 | 1921011 | 81 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 6379000 | 6379000 | 6186963 | 192037 | 97 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 0 | 6966000 | 6966000 | 4914965 | 2051035 | 71 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 123 | 136649732 | 70 | 59311191 | 53 | 0 | 56 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ -ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി.

ബാധകമല്ല.

## 1-7 ക്ഷേമപദ്ധതികൾ.

ബാധകമല്ല.

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.12.2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. നീക്കിയിരിപ്പ് ഇല്ല.

## 1-9 ആഭ്യന്തരനിയന്ത്രണം.

1. ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട തുകകൾ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ലഭിച്ചാലും, ആയതിന് സാംഖ്യ രസീതി നൽകുകയും വാർഷികക്കണക്കിൽ പ്രസ്തുത തുക ഉൾപ്പെടുത്തി എന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.
2. ബ്ലോക്ക് പഞ്ചായത്തിലെ ജീവനക്കാരുടെ തൻപതിവേടുകൾ MOP -യിൽ നിർദേശിച്ച കാലയളവിൽ എല്ലാ മേലുദ്യോഗസ്ഥരും പരിശോധിച്ചു എന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്. ഫയലുകളിൽ സമയബന്ധിതമായി നടപടി സ്വീകരിച്ചുവെന്നും പരിശോധിച്ചു ഉറപ്പു വരുത്തേണ്ടതാണ്.
3. വൗച്ചറുകൾ ക്രമമായി തുന്നിച്ചേർത്ത് വ്യക്തമായ ലേബലുകൾ ഒട്ടിച്ച് സൂക്ഷിക്കേണ്ടതാണ്.

4. സാധനങ്ങൾ വാങ്ങിയ വൗച്ചറുകളിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നില്ല, ആയത് രേഖപ്പെടുത്തേണ്ടതാണ്.

5. ബ്ലോക്ക് പഞ്ചായത്തിലും അനുബന്ധ കാര്യാലയങ്ങളിലും, നിർവഹണ ഉദ്യോഗസ്ഥർക്ക് പദ്ധതി നിർവഹണത്തിനും, ആവശ്യമായ എല്ലാ രജിസ്റ്ററുകളും ഗ്രാമ ലക്ഷ്മി മുദ്രാലയം, മറ്റു സർക്കാർ വകുപ്പുകൾ എന്നിവിടങ്ങളിൽ നിന്നും വാങ്ങി ഉപയോഗിക്കേണ്ടതും, സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയതും ബൗണ്ട് ബുക്കുകളിൽ ആധികാരികമല്ലാത്ത ഫോർമാറ്റിൽ തയ്യാറാക്കുന്നതുമായ എല്ലാ രജിസ്റ്ററുകളുടെയും ഉപയോഗം അവസാനിപ്പിക്കേണ്ടതുമാണ്. നിർവഹണ ഉദ്യോഗസ്ഥർക്ക് പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട എല്ലാ രജിസ്റ്ററുകളും നൽകി എന്ന് ബ്ലോക്ക് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.01.2019 | 01-12-2018 മുതൽ 31-12-2018 വരെ | 03-05-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.01.2017 | 2016-17 | 10.02.2017 |

# 1-11 വാർഷിക കണക്കിലെ അപാകതകൾ.

1).ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ, വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2). B-4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള സ്പെസിഫിക് പർപ്പസ് ഗ്രാന്റുകളുടെ വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ / ACR സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

3). ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-5 ഷെഡ്യൂൾ പ്രകാരമുള്ള 6,057/- രൂപയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4). ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-7 ഷെഡ്യൂൾ പ്രകാരമുള്ള 5,99,534/- രൂപയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5). ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂളിൽ ഉൾപ്പെട്ട താഴെ പറയുന്ന ഇനങ്ങൾ ഉൾപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

| Code No. | Particulars | Amount |
|---|---|---|
| 460100103 | Temporary Advance for Official Purposes. | 5,96,649 |
| 460500501 | Advance to Implimenting Officers | 78,079 |
| 460600199 | Other Deposits | 35,882 |

ആയതിനാൽ ഈ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

6). RP-3 ഷെഡ്യൂൾ പ്രകാരം Rent from Lease of Lands എന്ന ശീർഷക പ്രകാരം 70,340/- വരവുണ്ട്. എന്നാൽ ഡിമാന്റ് കളക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

7). താഴെ പറയുന്ന ഫണ്ടിനങ്ങളിലെ വരവിന്റെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

| Code No. | Item | Amount |
|---|---|---|
| 160100799 | Other Revenue Grants | 2,99,078 |
| 320100102 | SGSY | 43,880 |
| 320100115 | TSC | 59,341 |
| 320200399 | Specific Purpose Grant | 60,638 |
| 320300199 | Specific Purpose Grant | 6,522 |
| 320700210 | Joint Venture | 40,17,415 |

# 1-12 അക്കൗണ്ടിംഗ് - ക്രമ പ്രകാരമല്ല.

<u>1. വരവുകൾ ഫ്രണ്ട് ഓഫീസ്/ ഇൻറ്ററപ്റ്റഡ് രശീതി മുഖേന സാംഖ്യയിൽ അക്കൗണ്ട് ചെയ്യുന്നില്ല.</u>

ഫ്രണ്ട് ഓഫീസ് നെറ്റ് കണക്ഷൻ തകരാറിലാകുമ്പോൾ മാനുവൽ രസീതി മുഖേന പിരിച്ചെടുക്കുന്ന തുകൾ ഫ്രണ്ടോ ഫീസ് ലോഗിൻ വഴി [ഇൻറ്ററപ്റ്റഡ് രസീതി മുഖേന] സാംഖ്യയിൽ ഉൾപ്പെടുത്തേണ്ടതും, ആയത് ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ അടവാക്കേണ്ടതുമാണ് [കോൺട്രാ നൽകി]. എന്നാൽ മാനുവൽ രസീതി മുഖേന പിരിച്ചെടുക്കുന്ന തുകൾ ഫ്രണ്ടോ ഫീസ് ലോഗിൻ വഴി [ഇൻറ്ററപ്റ്റഡ് രസീതി മുഖേന] സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | ബുക്ക്/ രസീതി നമ്പർ/ തിയ്യതി | തുക | കുറിപ്പ് |
|---|---|---|---|
| 1 | 47/33/15.09.2018 | 2240 | ജനറൽ പർപ്പസ് അക്കൗണ്ടിൽ നേരിട്ട് അടവാക്കി |
| 2 | 47/34/15.09.2018 | 2240 | |
| 3 | 47/35/14.02.2019 | 672 | |
| 4 | 47/36/13.03.2019 | 1120 | |
| 5 | 47/37/06.05.2019 | 23000 | KGB അക്കൗണ്ടിൽ നേരിട്ട് അടവാക്കി |
| 6 | 47/38/02.09.2019 | 81336 | ട്രഷറിയിൽ നേരിട്ട് അടവാക്കി |
| 7 | 47/39/30.09.2019 | 62880 | KGB അക്കൗണ്ടിൽ നേരിട്ട് അടവാക്കി |

- ബ്ലോക്ക് പഞ്ചായത്തിന് വേണ്ടി പിരിച്ചെടുക്കുന്ന മുഴുവൻ തുകയും [സെക്രട്ടറി സ്റ്റാറ്റസിൽ] സാംഖ്യ മുഖേന അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

- ക്രമ നമ്പർ 6 പ്രകാരമുള്ള തുക ട്രഷറിയിൽ നേരിട്ട് അടവാക്കിയത് മൂലം പ്രസ്തുത വരവ്/ ചെലവ് ബ്ലോക്ക് പഞ്ചായത്തിന്റെ രേഖകളിൽ വന്നിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രിക

പ്രകാരമുള്ള വരവ്/ ചെലവ് യഥാർത്ഥ വരവ്/ചെലവുമായി പൊരുത്തപ്പെടുന്നില്ല.

**2. നിർവ്വഹണ ഉദ്യോഗസ്ഥർ പിരിച്ചെടുക്കുന്ന തുകകൾ ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കുന്നില്ല.**

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിൽ ടെണ്ടർ ഫീ ഇനത്തിൽ പിരിച്ചെടുത്ത തുകകൾ ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കുന്നതിന് പകരം പ്രസ്തുത തുക നേരിട്ട് പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ അടവാക്കുകയാണ് ചെയ്തത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | തിയ്യതി | പിരിച്ചെടുത്ത തുക | കുറിപ്പ് |
|---|---|---|---|
| 1 | 27.02.2019 | 6048 | ജനറൽ പർപ്പസ് അക്കൗണ്ടിൽ നേരിട്ട് അടവാക്കി |
| 2 | 14.03.2019 | 2240 | |

- ബ്ലോക്ക് പഞ്ചായത്തിന് വേണ്ടി പിരിച്ചെടുക്കുന്ന മുഴുവൻ തുകയും, നിർവ്വഹണ ഉദ്യോഗസ്ഥർ പഞ്ചായത്തിൽ അടവാക്കി രസീതി വാങ്ങേണ്ടതും, ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി 4/26-12-2019ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

# 1-13 മരുന്നുകൾ/ ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ, CHC ചുങ്കത്തറ മുഖേന നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ/ ഉപകരണങ്ങൾ വാങ്ങുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പദ്ധതിയുടെ പേര് | അടങ്കൽ | തുക നൽകിയത് (KMCL) | | മരുന്നുകൾ/ ഉപകരണങ്ങൾ ലഭിച്ചത് | അവശേഷിക്കുന്നത് |
|---|---|---|---|---|---|---|
| | | | Bill No | തുക | | |
| 1 | CHC ചുങ്കത്തറ ഡയാലിസിസ് യൂണിറ്റിന് മരുന്ന്, കൺസ്യൂമറബിൾ ഉപകരങ്ങൾ വാങ്ങൽ [54/2018] | 1683294/- Non Road | 1/2018-19/ 24.07.2018 | 1608288/- | 1588868/- | 19420/- |
| 2 | ചുങ്കത്തറ CHC -ക്ക് മരുന്ന് വാങ്ങൽ [46/2018] | 1300000/- Non Road | 2/2018-19/ 30.08.2018 | 1300000/- | 63042/- | 1236958/- |
| 3 | ജെറിയാട്രിക് ക്യാമ്പിലൂടെ കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് | 762160/- വികസന ഫണ്ട് | 17/2018-19/ 20.03.2019 | 762160/- | 537648/- | 224512/- |

| | | | | | | |
|---|---|---|---|---|---|---|
| | മരുന്ന് നൽകൽ [85/2018] | | | | | |
| ആകെ | | | | | | 1480890/- |

മരുന്നുകൾ/ ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. 14,80,890/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.
(ഓഡിറ്റ് എൻക്വയറി 3/26-12-2019ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-14 സെക്രട്ടറിയുടെ വൗച്ചർ- അപാകതകൾ

സെക്രട്ടറിയുടെ താഴെപ്പറയുന്ന വൗച്ചറുകളിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

| ക്രമ നം. | വൗച്ചർ നം. | തുക | ചെലവു വിവരം | അപാകത |
|---|---|---|---|---|
| 1 | 21800096/31-5-18 | 49,750 | IAY വിഹിതം നഗരസഭയ്ക്ക് നൽകിയത് | നഗരസഭയുടെ രസീതി ഇല്ല |
| 2 | 21800249/31-10-18 | 2300 | A4 പേപ്പർ വാങ്ങിയത് | സ്റ്റോക്ക് വിവരം ഇല്ല |
| 3 | 21800262/31-10-18 | 8775 | SCDO ഓഫീസിലെ സ്റ്റേഷനറി ചെലവ് | ,, |
| 4 | 21800265/31-10-18 | 19,754 | വാഹന റിപ്പയർ & മെയിന്റനൻസ് | സ്റ്റോക്ക്, ലോഗ് ബുക്ക് വിവരം ഇല്ല |
| 5 | 21800267/31-10-18 | 27,521 | ,, | ,, |
| 6 | 21800266/31-10-18 | 49,539 | CHC ചുങ്കത്തറയുടെ കണ്ടിജൻസി ചെലവ് | 1.പർച്ചേസ് ബില്ലുകൾ, സ്റ്റോക്ക് വിവരം എന്നിവ ഇല്ല.<br>2. പ്രത്യേകം പ്രോജക്ട് തയ്യാറാക്കിയിട്ടുമില്ല. |
| | | 157639 | | |

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ Audit Enquiry No. 9 / 28-12-19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കുന്നതു വരെ ചെലവു തുക **1,57,639**രൂപ തടസ്സം ചെയ്യുന്നു.

## 1-15 ഗുണഭോക്തൃ വിഹിതം തിരിച്ചു നൽകിയതിലെ അപാകത

വൗച്ചർ നം. 21800041/25-4-18 Rs. 25,529

ബ്ലോക്ക് പഞ്ചായത്ത് 2016-17 -ൽ ചുങ്കത്തറ ഗ്രാമ പഞ്ചായത്തിലെ മുപ്പാലിപ്പൊട്ടി ജലസേചന പദ്ധതിക്കായി 1,27,777 രൂപ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിരുന്നു. ടി പദ്ധതിക്കായി തുക വകയിരുത്തിയിരുന്നത് താഴെപ്പറയും പ്രകാരമായിരുന്നു.

വികസന ഫണ്ട് ------- 11,50,000

ഗുണഭോക്തൃ വിഹിതം -- 1,27,777

ആകെ ------------------12,77,777

എന്നാൽ ടി പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക 10,22,478 രൂപ മാത്രമായതിനാൽ, ഗുണഭോക്തൃ വിഹിതം ഇനത്തിൽ ആവശ്യമായ 1,02,248 രൂപയിൽ കൂടുതലായി വാങ്ങിയ (1,27,777-1,02,248) 25,529 രൂപ ഈ വൗച്ചർ പ്രകാരം, ജലസേചന പദ്ധതിയുടെ ഗുണഭോക്തൃ സമിതി പ്രസിഡന്റായ ശ്രീ. വി.ജെ. മാത്യുവിന്റെ പേരിലുള്ള, എടക്കര SBI -യിലെ 67164435132 നമ്പർ എക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു കൊടുത്തിട്ടുണ്ട്.

ടി പ്രവൃത്തിക്കായി ആകെ ചെലവായ 10,22,478 രൂപയും , A Ex E കാര്യാലയത്തിലെ സെക്ഷന്റെ അശ്രദ്ധ മൂലം, വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിരുന്നതായും, ആയതിനാൽ ഗുണഭോക്തൃ വിഹിതമിനത്തിലെ അധികമുള്ള തുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ നില നിർത്താനും തീരുമാനിച്ചിട്ടുണ്ട്.

<u>അപാകതകൾ</u>

1) ഗുണഭോക്തൃ വിഹിതമിനത്തിലെ അധികം തുക ഗുണ സമിതി പ്രസിഡന്റിന്റെ വ്യക്തിഗത അക്കൗണ്ടിലേക്കാണ് മാറ്റിയത്. ആയത് സമിതിയുടെ അക്കൗണ്ടിലേക്ക് മാറ്റിയതിന്റെ വിവരം ലഭ്യമല്ല.

2) ജലസേചന പദ്ധതികൾക്ക് 10% ഗുണഭോക്തൃ വിഹിതം നിർബന്ധമായതിനാൽ വികസനഫണ്ടിൽ നിന്നും അധികം ചെലവഴിച്ച 1,02,248 രൂപ പ്രസ്തുത ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ <u>Audit Enquiry No.5/27-12-19ന്</u> മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കുന്നതു വരെ ചെലവു തുക 25,529 രൂപ തടസ്സം ചെയ്യുന്നു.

## 1-16 ക്ഷീര വികസന ഓഫീസർ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | | |
|---|---|---|
| പ്രൊജക്ട് | നം. 75/19 | പാലിന് സബ്സിഡി |
| ട്രഷറി ബിൽ നം. | 1/18-19/3-1-19 | Rs. 9,09,856 |

ഈ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള താഴെപ്പറയുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് തുക കൈമാറിയിട്ടുണ്ട്.

| | പഞ്ചായത്ത് | തുക |
|---|---|---|
| 1 | ചുങ്കത്തറ | 6,00,000 |
| 2 | ചാലിയാർ | 3,09,856 |
| | ആകെ | 9,09,856 |

<u>അപാകതകൾ</u>

1) ഈ പദ്ധതിക്കായി തയ്യാറാക്കിയ പ്രൊജക്ട് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

2) പ്രൊജക്ട് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

3) TR 7A കാഷ് ബുക്ക് ഹാജരാക്കിയിട്ടില്ല

4)ഗ്രാമ പഞ്ചായത്തുകൾക്ക് തുക നൽകിയിട്ടുണ്ടെങ്കിലും, തുക കൈപ്പറ്റിയതിന്റെ രസീതി ലഭ്യമാക്കിയിട്ടില്ല. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20(1) (എ), (ബി) എന്നിവ പ്രകാരം ബാങ്ക് അക്കൗണ്ടിലേക്ക് ലഭിച്ചതടക്കവും, നിർവഹണ ഉദ്യോഗസ്ഥരിൽ നിന്ന് ലഭിച്ചതടക്കവും എല്ലാ പണം വരവുകൾക്കും ഇൻസ്ട്രുമെന്റ് ഏതെന്ന് രേഖപ്പെടുത്തി വീഴ്ച കൂടാതെ രസീതി നൽകേണ്ടതാണ്. ഇതു പ്രകാരം, തുക കൈപ്പറ്റിയ പഞ്ചായത്തുകളിൽ നിന്ന് രസീതി ലഭ്യമാക്കേണ്ടതാണ്.

5) സ.ഉ.(എം.എസ്) നം. 72/2017/ ത.സ്വ ഭ.വ. തി: 29-3-17 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗരേഖയുടെ ഖണ്ഡിക 6.5 പ്രകാരമുള്ള സംയുക്ത പ്രൊജക്ടുകളുടെ നടപടിക്രമങ്ങളായ ഘടക സ്ഥാപനങ്ങൾ തമ്മിലുള്ള കരാർ ഉടമ്പടി, വിഭവ സ്രോതസ്സുകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ്, പങ്കാളികളായ തദ്ദേശ സ്ഥാപനങ്ങളുടെ പ്രൊജക്ടുകളുടെ വിവരം, ഉപ നം. (6), (7) എന്നിവയിൽ പറഞ്ഞ പട്ടികകൾ തയ്യാറാക്കൽ, 'സുലേഖ'-യിൽ വിഹിതം രേഖപ്പെടുത്തൽ തുടങ്ങിയ നടപടികൾ പാലിച്ചിട്ടില്ല. 'സുലേഖ'-യിലെ നിർവഹണ ഉദ്യോഗസ്ഥർ അടിസ്ഥാനത്തിലുള്ള ചെലവ് പത്രികയിൽ ഈ പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിന്റെ പൊതു വിഭാഗം വികസന ഫണ്ട് മാത്രമാണ് വകയിരുത്തിക്കാണുന്നത്.

6) ടി ഉത്തരവിന്റെ ഖണ്ഡിക 12.2 (6) പ്രകാരവും, സ.ഉ.(എം.എസ്) നം. 80/2017/ തസ്വഭവ തി: 3-4-17 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 8.2 -ലെ ക്രമ നം. 8 പ്രകാരവും, ഇത്തരം പ്രൊജക്ടുകൾ ഗ്രാമ- ബ്ലോക്ക്- ജില്ലാ പഞ്ചായത്തുകൾ സംയുക്ത പ്രൊജക്ടായി രൂപീകരിക്കേണ്ടതാണെങ്കിലും, അപ്രകാരം സംയുക്ത പ്രൊജക്ടുകൾ തയ്യാറാക്കിയതിന്റെ വിവരമോ, ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയതിന്റെയോ ലഭിച്ചതിന്റെയോ വിവരം ലഭ്യമല്ല.

7) ഗ്രാമ പഞ്ചായത്തു സെക്രട്ടറിമാരുടെ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല.

8) പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

( സ.ഉ.(എം.എസ്) നം. 72/2017/ ത.സ്വ ഭ.വ. തി: 29-3-17 ന്റെ ഖണ്ഡിക 14.6 പ്രകാരമുള്ളത്.)

9) സ.ഉ.(എം.എസ്) നം. 72/2017/ ത.സ്വ ഭ.വ. തി: 29-3-17 ന്റെ ഖണ്ഡിക 14.8 പ്രകാരമുള്ള പൂർത്തീകരണ പത്രം നിർവഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയിട്ടില്ല.

10) ബ്ലോക്ക് പഞ്ചായത്തിലുൾപ്പെടുന്ന മറ്റു ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകിയതായി കാണുന്നില്ല. ആയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ Audit Enquiry No.1/24-12-2019ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കുന്നതു വരെ ചെലവു തുക . **9,09,856**രൂപ തടസ്സം ചെയ്യുന്നു.

## 1-17 പഠന മുറി നിർമാണം- പഠന സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.

| പ്രൊജക്ട് | ട്രഷറി ബിൽ നം. | ചെലവു തുക |
|---|---|---|
| നം. 142/19 : പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | ..665771/17-10-18 | Rs. 1,00,000 |

| | | |
|---|---|---|
| | | |
| | ..665887/17-10-18 | Rs. 50,000 |
| | ..208868/15-2-19 | 50,000 |

ടി പദ്ധതിക്കായി മുകളിൽ കാണിച്ച ബില്ലുകൾ പ്രകാരം തുക വിതരണം ചെയ്തതിൽ ഉൾപ്പെടുന്ന താഴെപ്പറയുന്ന വിദ്യാർത്ഥികൾ പഠനം നടത്തുന്നവരാണെന്ന് തെളിയിക്കുന്ന രേഖകളൊന്നും ഫയലിൽ ഇല്ല.

1. ശശി

2. ലക്ഷ്മി

മറ്റു അപാകതകൾ

1) പ്രൊജക്ട് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

2) TR 7A കാഷ്ബുക്കിലല്ലാതെ, പ്രത്യേകമായി ഒരു കാഷ്ബുക്കിലാണ് പദ്ധതി ഇടപാടുകൾ രേഖപ്പെടുത്തിക്കാണുന്നത്. അതിൽത്തന്നെ, വരവു ഭാഗത്തും ചെലവു ഭാഗത്തും അവയുടെ വിവരണങ്ങളോ വൗച്ചർ നമ്പരോ ഒന്നും ചേർത്തിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ Audit Enquiry No.8/28-12-19ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കുന്നതു വരെ ചെലവു തുക **50,000**രൂപ തടസ്സം ചെയ്യുന്നു.

# 1-18 കൃഷി അസിസ്റ്റന്റ് ഡയരക്ടർ- പദ്ധതി നടത്തിപ്പിലെ അപാകതകൾ

| പ്രൊജക്ട് | ട്രഷറി ബിൽ നം. | ചെലവു തുക |
|---|---|---|
| നം. 2/19 : നെൽകൃഷിക്ക് കൂലിച്ചെലവ് | I/18-19/22-11-18 | Rs. 7,56,970 |
| | I/18-19/27-3-19 | Rs. 43,030 |
| | *TOTAL* | *8,00,000* |
| നം.3/19 : ബ്ലോക്കിന് കീഴിലെ പഞ്ചായത്തുകളിലെ പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് | II/18-19/20-3-19 | Rs. 3,82,500 |
| | II/18-19/27-3-19 | Rs. 43,269 |
| | *TOTAL* | *4,25,769* |
| | **ആകെ** | **Rs. 12,25,769** |

അപാകതകൾ

1) പ്രൊജക്ട് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

2) സ്ഥാപനത്തിന്റെ TR 7A കാഷ്ബുക്കിലല്ലാതെ, പ്രത്യേകമായി ഒരു TR 7A കാഷ്ബുക്കിലാണ് പദ്ധതി ഇടപാടുകൾ രേഖപ്പെടുത്തിക്കാണുന്നത്. ഇപ്രകാരം ചെയ്യുന്നത് ക്രമത്തിലല്ല. മെയിൻ കാഷ് ബുക്കിൽതന്നെ രേഖപ്പെടുത്തേണ്ടതാണ്.

3) പ്രൊജക്ട് നം. 2/19 പ്രകാരം എടക്കര, ചാലിയാർ, മൂത്തേടം, ചുങ്കത്തറ എന്നീ ഗ്രാമ പഞ്ചായത്തുകൾക്കും, പ്രൊജക്ട് നം. 3/19 പ്രകാരം എടക്കര, മൂത്തേടം, വഴിക്കടവ് എന്നീ ഗ്രാമ പഞ്ചായത്തുകൾക്കും തുക നൽകിയിട്ടുണ്ടെങ്കിലും, തുക കൈപ്പറ്റിയതിന്റെ സാംഖ്യ രസീതി ലഭ്യമാക്കിയിട്ടില്ല. സാംഖ്യയിൽ നിന്നുള്ള Payment Order മാത്രമാണ് ഫയലിലുള്ളത്. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20(1) (എ), (ബി) എന്നിവ പ്രകാരം ബാങ്ക് അക്കൗണ്ടിലേക്ക് ലഭിച്ചതടക്കവും, നിർവഹണ ഉദ്യോഗസ്ഥരിൽ നിന്ന് ലഭിച്ചതടക്കവും എല്ലാ പണം വരവുകൾക്കും ഇൻസ്ട്രുമെന്റ് ഏതെന്ന് രേഖപ്പെടുത്തി വീഴ്ച കൂടാതെ രസീതി നൽകേണ്ടതാണ്. ചില ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരുടെ വെള്ളക്കടലാസിലെഴുതിയ കൈപ്പറ്റ് ശീട്ടുകൾ ഫയലിലുണ്ടെങ്കിലും അവ സാധുതയുള്ളതല്ല. ധനകാര്യ പത്രികയിൽ ഇത്തരം തുകകൾ വരവ് വച്ചതിന് പ്രസ്തുത സ്ഥാപനങ്ങൾ നല്കിയ സാംഖ്യയിൽ നിന്നുള്ള രശീതി ഹാജരാക്കേണ്ടതാണ്.

4) പ്രൊജക്ട് റിപ്പോർട്ട് പ്രകാരം തുക ഗ്രാമ പഞ്ചായത്തുകൾക്ക് നൽകുന്നതായിട്ടല്ല, നേരിട്ടുള്ള നിർവഹണമാണ് . പ്രൊജക്ട് റിപ്പോർട്ടിന്ന വിരുദ്ധമായി ചെലവഴിച്ചതിന് വിശദീകരണം ഫയലിലില്ല.

5) ഗ്രാമ പഞ്ചായത്തുകളുടെ വിനിയോഗസാക്ഷ്യപത്രം ഇല്ല. വിനിയോഗസാക്ഷ്യപത്രത്തിൽ, തുക നൽകിയ കർഷകരുടെ വിവരവും അർഹതയും വ്യക്തമാക്കിയിരിക്കേണ്ടതുമാണ്.

6) സ.ഉ.(എം.എസ്) നം. 72/2017/ ത.സ്വ ഭ.വ. തി: 29-3-17 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗരേഖയുടെ ഖണ്ഡിക 6.5 പ്രകാരമുള്ള സംയുക്ത പ്രൊജക്ടുകളുടെ നടപടിക്രമങ്ങളായ ഘടക സ്ഥാപനങ്ങൾ തമ്മിലുള്ള കരാർ ഉടമ്പടി, വിഭവ സ്രോതസ്സുകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ്, പങ്കാളികളായ തദ്ദേശ സ്ഥാപനങ്ങളുടെ പ്രൊജക്ടുകളുടെ വിവരം, ഉപ നം. (6), (7) എന്നിവയിൽ പറഞ്ഞ പട്ടികകൾ തയ്യാറാക്കൽ, 'സുലേഖ'-യിൽ വിഹിതം രേഖപ്പെടുത്തൽ തുടങ്ങിയ നടപടികൾ പാലിച്ചിട്ടില്ല. 'സുലേഖ'-യിലെ നിർവഹണ ഉദ്യോഗസ്ഥർ അടിസ്ഥാനത്തിലുള്ള ചെലവ് പത്രികയിൽ ഈ പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിന്റെ പൊതു വിഭാഗം വികസന ഫണ്ട് മാത്രമാണ് വകയിരുത്തിക്കാണുന്നത്.

7) പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

( സ.ഉ.(എം.എസ്) നം. 72/2017/ ത.സ്വ ഭ.വ. തി: 29-3-17 ന്റെ ഖണ്ഡിക 14.6 പ്രകാരമുള്ളത്.)

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ Audit Enquiry No.2/24-12-19ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കുന്നതു വരെ ചെലവ് തുക **12,25,769**രൂപ തടസ്സം ചെയ്യുന്നു.

# 1-19 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയപദ്ധതികൾ- രേഖകളിലെ അപാകതകൾ

1) പ്രൊജക്ട് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

2) TR 7A കാഷ്ബുക്കിലല്ലാതെ, പ്രത്യേകമായി ഒരു കാഷ്ബുക്കിലാണ് പദ്ധതി ഇടപാടുകൾ രേഖപ്പെടുത്തിക്കാണുന്നത്. അതിൽത്തന്നെ, വരവ് ഭാഗത്തും ചെലവ് ഭാഗത്തും അവയുടെ വിവരണങ്ങളോ വൗച്ചർ നമ്പരോ ഒന്നും ചേർത്തിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് Audit Enquiry No.7/28-12-19ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-20 സെന്ററിംഗ്-ഷട്ടറിംഗ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി

പ്രൊജക്ട് നം.135/19

പാലാട് പാടശേഖര കനാൽ നിർമ്മാണം

കരാറുകാരൻ-ദിനേഷ് .എം.

അളവു പുസ്തകം-53/18-19

ബിൽ നം.21/18-19/24.01.19--387261

മേൽ പ്രവർത്തിയിൽ ഇനം - 5 പ്രകാരം സെന്ററിംഗ് ഷട്ടറിങ് (Item code 5.9.2,DSR-2016, Cost Index-37.25% ) പ്രവൃത്തി 248.88എം2 ചെയ്തിട്ടുണ്ട് . ആയതിൽ രൂപ403/എം2 നിരക്കിൽ 100298.66രൂപ ചെലവഴിച്ചിട്ടുണ്ട്. 266.20/എം2 നിരക്കിൽ ചെലവു ചെയ്യാവുന്ന പ്രവൃത്തിക്ക് 403/എം2 നിരക്ക് നൽകിയതുമൂലം 34047/-രൂപയുടെ അധിക ചെവല് ഉണ്ടായിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക 3-1 ആയി ചേർത്തിട്ടുണ്ട്.

## 1-21 സെന്ററിംഗ് ഷട്ടറിംഗ് അധിക നിരക്ക് അനുവദിച്ചു

പ്രൊജക്ട്.നം.105/2017 (മാലിന്യമുക്ത ചാലിയാർ)

ഞെട്ടിക്കുളം-കുട്ടൻകുളം ഹെൽത്ത് സെന്റർ റോഡ് ഡ്രൈനേജ്

അളവു പുസ്തകം-05/17-18

കരാറുകാരൻ-അൻവർ ബാബു

ബിൽ നം.7/18-19/18.07.18--492830

മേൽ പ്രവൃത്തിയിൽ ഡ്രൈനേജ് വാളിന് വേണ്ടിയുള്ള സെന്ററിങ് പ്രവൃത്തിക്ക് (161.14എം2) DSRഡാറ്റ 4.3.2 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ഫൗണ്ടേഷൻ പ്രവൃത്തിക്ക് ബാധകമായ DSRഡാറ്റ 4.3.1 പ്രകാരമുള്ള നിരക്ക് മാത്രമാണ് ഈ പ്രവൃത്തിക്ക് നൽകാവുന്നത്. അധികം നിരക്ക് അനുവദിച്ചതിനാൽ ബ്ലോക്ക് പഞ്ചായത്തിന് 40838/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക 3-2ൽ ചേർത്തിട്ടുണ്ട്.

## 1-22 എസ്റ്റിമേറ്റിനും അളവു പുസ്തകത്തിനും വിരുദ്ധമായി കനം കുറഞ്ഞ ഷീറ്റ് മേഞ്ഞു.

2018-19-ൽ നിർവ്വഹണം നടത്തിയ മാതൃ ശിശു സംരക്ഷണ കേന്ദ്രം നിർമ്മാണ പ്രവൃത്തിയിൽ അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതിന് വിരുദ്ധമായി കനം കുറഞ്ഞ ട്രഫോർഡ് ഷീറ്റ് മേഞ്ഞതു വഴി കരാറുകാരന് അധികം തുക നൽകാനിടയായിട്ടുണ്ട്. 27.12.2019 ന് നടത്തിയ സൈറ്റ് പരിശോധനയിലാണ് ഇക്കാര്യം സ്ഥിരീകരിച്ചിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ വിശദവിവരം | അളവു പുസ്തകം പ്രകാരം തുക നൽകിയതിന്റെ വിവരം | യഥാർത്ഥത്തിലുള്ള കനം/റിമാർക്സ് |
|---|---|---|
| പ്രൊജക്ട് നം.101/19-മാതൃ ശിശു സംരക്ഷണ കേന്ദ്രം രണ്ടാം നില നിർമ്മാണം<br>കരാറുകാരൻ-ശ്രീ. ലത്തീഫ്. എം.<br>അളവു പുസ്തകം-17/18-19, 18/18-19<br>ബിൽ നം.16/18.12.18-2657892<br>DSR-2016 Cost Index-37.25% | Item No.E10-providing &Fixing GI powder coated Trafford Sheet with 0.35mm thick<br>Stair case Area<br>54.9m2x@482.29=26478 | 0.30mm thick |

ഭരണ സമിതി വിശദമായ അന്വേഷണം നടത്തി അധികം നൽകിയ തുക കണക്കാക്കി കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-23 ഇ-ടെണ്ടർ ഫോറം വില ലഭ്യമായില്ല.

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി പുതിയ സീറോ ബാലൻസ് തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേലുത്തരവ് പ്രകാരം ബ്ലോക്ക്പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രഡിറ്റ് ചെയ്യുന്നത്. ലഭ്യമാക്കിയ രേഖകൾ പ്രകാരം, നിലമ്പൂർ ബ്ലോക്ക്പഞ്ചായത്ത് 2018-19വർഷത്തിൽ ടെണ്ടർ ചെയ്ത 36 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില 159900 രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭ്യമാവാനുണ്ട്. ആയത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 പൊതു മരാമത്ത് പ്രവൃത്തികൾ; പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും സംഭവിച്ചിട്ടുള്ള അപാകതകൾ

2018-19 വർഷത്തിൽ ബ്ലോക്ക്പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ,അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി ആകെ 84 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 43 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. 41 എണ്ണം ഉപേക്ഷിച്ചു. വർക്കിംഗ് ഗ്രൂപ്പുകൾ പ്രൊജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾ ഓരോ പ്രൊജക്ടിന്റെയും പ്രായോഗികത, വിജയസാധ്യത, ഫലപ്രാപ്തി എന്നിവ ചർച്ച ചെയ്ത് ഉറപ്പു വരുത്തേണ്ടതാണ്. ഫണ്ട് വകയിരുത്തുകയും പ്രൊജക്ട് രൂപീകരിക്കുകയും ചെയ്തതിനു ശേഷം പ്രൊജക്ടുകൾ ഉപേക്ഷിക്കേണ്ടി വരുന്നത് ആശാസ്യമല്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. 2018-19വർഷത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 4 തവണ യോഗം ചേരുകയും, പ്രൊജക്ട് നിർദ്ദേശങ്ങൾ മിനിട്സിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

<u>റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല</u>

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

<u>കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തുന്നില്ല.</u>

സ.ഉ (കൈ) നം.11/2018തസ്വഭവ, തീ.29.01.2018-പദ്ധതി മാർഗ്ഗരേഖ പ്രകാരം കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവ ആദ്യ എസ്റ്റിമേറ്റിൽ തന്നെ ഉൾപ്പെടുത്തണം. എന്നാൽ ഒരു കെട്ടിടത്തിന്റെ വിവിധ ഘടകങ്ങൾക്ക് പ്രത്യകം പ്രൊജക്ടുകൾ തയ്യാറാക്കുന്നതായാണ് കാണുന്നത്. ഉദാഹരണം:-പ്രൊജക്ട് നം.139/19,കുടുംബശ്രീ വനിതാ സംരംഭകർക്ക് വ്യവസായ സമുച്ചയം, പ്രൊജക്ട് നം.101/19,മാതൃ ശിശു സംരക്ഷണ കേന്ദ്രം,ചുങ്കത്തറ. ഈ കെട്ടിടങ്ങൾ ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല. വയറിംഗ്, പ്ലംമ്പിംഗ് എന്നിവ ചെയ്തിട്ടില്ല. ഓരോ വർഷവും ഓരോ ഘടകങ്ങളുടെ പ്രവൃത്തികൾക്കായി പ്രൊജക്ടുകൾ രൂപീകരിക്കുകയാണ് ചെയ്തു വരുന്നത്.

# 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19-08-2019 മുതൽ 20-08-2019വരെ | കെ.എസ്.എ.എം.പി.എം.4/1353/19 തീയതി 26-08-2019 |

# <u>ഭാഗം -3</u>

# <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## <u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

# 3-1 സെന്ററിംഗ്-ഷട്ടറിംഗ് തുക അധികം അനുവദിച്ചു.

പ്രൊജക്ട് നം.135/19

പാലാട് പാടശേഖര കനാൽ നിർമ്മാണം

കരാറുകാരൻ-ദിനേഷ് .എം.

അളവ് പുസ്തകം-53/18-19

ബിൽ നം.21/18-19/24.01.19--387261

മേൽ പ്രവർത്തിയിൽ ഇനം - 5 പ്രകാരം സെന്ററിംഗ് ഷട്ടറിങ് (Item code 5.9.2,DSR-2016, Cost Index-37.25% ) ചെയ്തിട്ടുണ്ട് .വിശദവിവരം ചുവടെ കൊടുക്കുന്നു

**എസ്റ്റിമേറ്റ് ഇനം(5)സെൻററിങ് ഷട്ടറിങ്**

| എണ്ണം | നീളം (മീ.) | ഉയരം (മീ.) | ആകെ |
|---|---|---|---|
| Canal Inner Sides-2 | 50 | 0.60 | 60എം2 |
| Canal Inner Sides-2 | 50 | 0.60 | 60എം2 |
| Canal Inner Sides-2 | 24.20 | 0.60 | 29.04എം2 |
| Outer Sides-2 | 50 | 0.40 | 40എം2 |
| Outer Sides-2 | 50 | 0.40 | 40എം2 |
| Outer Sides-2 | 24.20 | 0.40 | 19.36എം2 |
| Both Sides 2x2 | 0.20 | 0.60 | 0.48 എം2 |
| ആകെ | | | 248.88 എം2 |

248.88 എം2 @403/എം2=100298.64/രൂപ

പ്രവൃത്തിയിൽ ഡ്രൈനേജിനുവേണ്ടി 55.89m3 എർത്ത് വർക്ക് എസ്കവേഷൻ നടത്തിയിട്ടുള്ളതിനാലും സൈഡ് വാളിന്റെ ഉയരം 0.60 cm ആയതിനാലും സെൻററിങ് ഷട്ടറിങ് പ്രവർത്തിക്ക് അനുവദനീയായിട്ടുള്ള ഡി.എസ്.ആർ എറ്റം കോഡ് 5.9.1 മാത്രമാണ്. 2018-19 ൽ തന്നെ നിർവ്വഹണം നടത്തിയ മൊടപ്പൊയ്ക-പ്ലവനാംകുഴി കനാൽ നിർമ്മാണത്തിന് 5.9.1പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ആയതിൻെറ നിരക്ക് 266.20/എം2 ആണ്. ക്രമ പ്രകാരം ഈ നിരക്കിൽ അനുവദിക്കാവുന്നത് 248.88m2x266.20=66251.85 രൂപയാണ്. ഈയിനത്തിൽ അധികം നൽകിയത് 34047/-രൂപ (100298.64-66251.85=34047/-) 34047/-രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസി.എക്സി.എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-2 സെന്ററിംഗ് ഷട്ടറിംഗ് അധിക നിരക്ക് അനുവദിച്ചു

പ്രൊജക്ട്.നം.105/2017 (മാലിന്യമുക്ത ചാലിയാർ)

ഞെട്ടിക്കുളം-കുട്ടൻകുളം ഹെൽത്ത് സെന്റർ റോഡ് ഡ്രൈനേജ്

അളവ് പുസ്തകം-05/17-18

കരാറുകാരൻ-അൻവർ ബാബു

ബിൽ നം.7/18-19/18.07.18--492830

മേൽ പ്രവൃത്തിയിൽ ഡ്രൈനേജ് വാളിന് വേണ്ടിയുള്ള സെന്ററിങ് പ്രവൃത്തിക്ക് DSRഡാറ്റ 4.3.2 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ഡ്രൈനേജ് വാളിന് വേണ്ടി എർത്ത് വർക്ക് ചെയ്ത് മണ്ണ് ഒഴിവാക്കിയിട്ടാണ് ഈ പ്രവൃത്തി ചെയ്തിട്ടുള്ളത്. ആയതിനാൽ ഫൗണ്ടേഷൻ പ്രവൃത്തിക്ക് ബാധകമായ DSRഡാറ്റ 4.3.1 പ്രകാരമുള്ള നിരക്ക് മാത്രമാണ് ഈ പ്രവൃത്തിക്ക് നൽകാവുന്നത്.മാത്രമല്ല,മാലിന്യ മുക്ത ചാലിയാർ പദ്ധതിയിലുൾപ്പെടുത്തി 2018-19-ൽ തന്നെ നിർവ്വണം നടത്തിയ പാലേമാട് ചുരുളി റോഡ് ഡ്രൈനേജ് പ്രവൃത്തിയിൽ DSRഡാറ്റ 4.3.1 പ്രകാരമുള്ള നിരക്ക് തന്നെയാണ് അനുവദിച്ചിട്ടുള്ളത്. അധികം നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| അളവു പുസ്തകം പ്രകാരമുള്ള അളവ് | അനുവദിച്ച നിരക്ക്, തുക | ക്രമപ്രകാരം അനുവദിക്കാവുന്ന നിരക്ക്, തുക | അധികം നൽകിയത് |
|---|---|---|---|
| 161.14m2 | 161.14m2x@519.63m2=83733.18 | 161.14m2x266.20m2=42895.46 | 40838 |

അധികം നൽകിയ40838രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസി.എക്സി.എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല.

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ .

ഇല്ല

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

| പ്രവർത്തിയുടെ പേര് | കൺവീനർ | വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|
| കമ്മ്യൂണിറ്റി സാനിറ്ററി | IRTC | 1475058/ 22.3.2019 | 518000 | - | 518000 | പ്രവൃത്തി പുരോഗമിക്കുന്നു |

| യൂണിറ്റ് | | | | | | |
|---|---|---|---|---|---|---|

## 4-5 വായ്പ / വായ്പ തിരിച്ചടവ്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽതിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| IAY Housing | -- | -- | -- | 1869436 | 2260000 | -- |

കുറിപ്പ്. വിവരങ്ങൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 33 | 2004-05 | 33 | രേഖകൾ ലഭ്യമാക്കാത്തത് | എൽ.എഫ്.എ.സി.(11-16 )-3-ാമത് റിപ്പോർട്ട് പ്രകാരം പരിശോധനാകുറിപ്പ് നൽകി |
| 2005-06 | 3(1) | 2007-08 | 3(1) | മുൻകൂർ നൽകി പ്രവൃത്തി പൂർത്തീകരിച്ചില്ല | 4/14-ൽ പ്രാദേശിക പരിശോധന നടത്തി തുക അടവാക്കി |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7697631 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80680191 |
| വരവിനങ്ങളിലുള്ള നഷ്ടം | ----- |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ | 74885 |

| | |
|---|---|
| അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3849683 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | --- | 34047 | ശ്രീ. അലി ഫൈസൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | -- | 40838 | ശ്രീ. മുരളീകൃഷ്ണൻ സി.ആർ., അസി.എക്സി.എഞ്ചിനീയർ |
| ആകെ | | 74885 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 1480890 | ശ്രീ. അബ്ദുൾ ജലീൽ, മെഡിക്കൽ ഓഫീസർ-സി.എച്ച്.സി. |
| 1-14 | 157639 | ശ്രീ. രാജീവൻ, സെക്രട്ടറി |
| 1-15 | 25529 | ശ്രീ. ജേക്കബ് സക്കറിയ, സെക്രട്ടറി |
| 1-16 | 909856 | ശ്രീ. അബ്ദുൾ മജീദ്.വി., ക്ഷീര വികസന ഓഫീസർ |
| 1-17 | 50000 | ശ്രീമതി മിനി ചിത്രംപള്ളി, പട്ടികജാതി വികസന ഓഫീസർ |
| 1-18 | 1225769 | ശ്രീമതി എമിപോൾ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| ആകെ | 3849683 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 1-22

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അലിഫൈസൽ, അസി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ , വണ്ടൂർ ബ്ലോക്ക് | തിരുവോണം വീട്, ചെറുകര പി.ഒ., |

| | | |
|---|---|---|
| | | മലപ്പുറം -679340 |
| ശ്രീ. മുരളികൃഷ്ണൻ.സി.ആർ., അസി.എക്സി.എഞ്ചിനീയർ | അസി.എഞ്ചിനീയർ , വണ്ടൂർ ബ്ലോക്ക് | കുത്തറത്തൊടി ഹൗസ്, വേങ്ങൂർപി.ഒ. മലപ്പുറം ജില്ല 679325 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം. |
|---|---|---|
| 2001-02 | എൽ.എഫ്.എം.4/1459/14(3) തി.08.12.2014 | 8 |
| 2003-04 | എൽ.എഫ്.എം.4/1459/14(5) തി.08.12.2014 | 10 |
| 2004-05 | എൽ.എഫ്.എം.4/1459/14(6) തി.08.12.2014 | 2 |
| 2005-06 | എൽ.എഫ്.എം.4/1459/14(7) തി.08.12.2014 | 4 |
| 2006-07 | എൽ.എഫ്.എം.4/1459/14(8) തി.08.12.2014 | 6 |
| 2007-08 | എൽ.എഫ്.എം.4/1459/14(9) തി.08.12.2014 | 39 |
| 2008-09 | എൽ.എഫ്.എം.4/1459/14(10) തി.08.12.2014 | 10 |
| 2009-10 | എൽ.എഫ്.എം.4/1459/14(11) തി.08.12.2014 | 14 |
| 2010-11 | എൽ.എഫ്.എം.4/2488/11 തി.05.01.2011 | 22 |
| 2011-12<br>2012-13 | എൽ.എഫ്.എം.4/230/14 തി.29.10.2014 | 19 |
| 2013-14 | എൽ.എഫ്.എം.4/2458/14 തി.04.11.2014 | 6 |
| 2014-15 | എൽ.എഫ്.എം.4/2507/15 തി.13.11.2015 | 17 |
| 2015-16 | കെ.എസ്.എ.എം.പി.എം4/518/17 തി,30.032017 | 19 |
| 2016-17 | കെ.എസ്.എ.എം.പി.എം4/2483/17 തി.30.11.2017 | 22 |
| 2017-18 | കെ.എസ്.എ.എം.പി.എം4/2820/18 തി.24.01.2018 | 25 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

# <u>അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം.</u>

കെ.എസ്.എ.എം.പി.എം4/16/2020

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,പിൻ- 676 505

തീയ്യതി 26-08-2019

ഇ-മെയിൽ:dompm.ksad@kerala.gov.in

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു

വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.